(സി) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസ ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര ഫീസ് വീതം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം നില നിറുത്തുന്നതിന് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നൽകുന്നത്.

(സി&ഡി) ഇല്ല. സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസ്സുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തിയതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒഴികെ ഒരു വിദ്യാർത്ഥിയിൽ നിന്നും 25 രൂപയിൽ കൂടാത്ത തുക 10 മാസക്കാലം ഈടാക്കുവാൻ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് 29-9-2001-ലെ ജി. ഒ. (എംഎസ്.) 297/2001/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റ് പ്രതിമാസ ഫീസുകളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

പ്രവാസി മലയാളികൾക്ക് ക്ഷേമനിധി

16 (*136) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രവാസി മലയാളികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) വിദേശത്തുനിന്നും മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കിയ താഴ്ന്ന വരുമാനക്കാരായ പ്രവാസി മലയാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രവാസി കേരളീയകാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നൂട്ട്സ്-എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനി മുഖേനയാണ് പ്രസ്തുത ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതിലേക്ക് ആവശ്യമായ പ്രാരംഭ പദ്ധതിരേഖ മേൽ കമ്പനി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) 1. പ്രവാസി മലയാളികൾക്ക് വേണ്ടി എൽ. ഐ. സി.യുമായി സഹകരിച്ചു കൊണ്ട് നടപ്പിലാക്കിയ 'പ്രവാസി സ്വാശ്രയ' എന്ന സാമൂഹ്യ സുരക്ഷാ പദ്ധതി.

2. പ്രവാസി മലയാളികളായ വ്യവസായ സംരംഭകരെ സഹായിക്കുന്നതിലേക്ക് വേണ്ടി 'എൻ. ആർ. കെ. പ്രോജക്ട് ഇനിഷ്യേറ്റീവ് ഫണ്ട്'.

3. പ്രവാസി മലയാളികൾക്കുവേണ്ടി എമർജൻസി റിപാട്രിയേഷൻ ഫണ്ട്. മേൽ പ്രസ്താവിച്ച പദ്ധതികളുടെ ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പുതിയ എമിഗ്രേഷൻ ചട്ടങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

17 (*137) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം ഏർപ്പെടുത്തിയ പുതിയ എമിഗ്രേഷൻ ചട്ടങ്ങൾ വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന മലയാളികളുടെ ഭാവിയെ എങ്ങനെയൊക്കെയാണ് ദോഷകരമായി ബാധിക്കുക എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ രക്ഷിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നേരത്തെതന്നെ വിസ ലഭിച്ച് എമിഗ്രേഷൻ നടപടികൾക്ക് കാത്തിരിക്കുന്നവർക്കും പുതിയ എമിഗ്രേഷൻ ചട്ടങ്ങൾമൂലം എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly